**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2508** | **07-07-2022 - ൽ മറുപടിയ്ക്ക്**

**തൊഴിൽ ഉറപ്പ് വരുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൈത്തറി തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | ഉണ്ട്. കൈത്തറി തൊഴിലാളികൾക്ക് തൊഴിൽ സ്ഥിരതയും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുന്നതിനു നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**<u>സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി</u>**<br><br>കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിന് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. 2016-2017 മുതൽ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 1-7വരെയും എയ്ഡഡ് സ്കൂളിലെ 1-4വരെയും ഉള്ള വിദ്യാർത്ഥികൾക്ക് സൗജന്യമായി കൈത്തറി യൂണിഫോം തുണി നൽകുന്ന പദ്ധതിയാണിത് കൈത്തറി മേഖലയിലേക്ക് കൂടുതൽ നെയ്ത്തുകാരെ ആകർഷിക്കുന്നതിനും, നെയ്ത്തുകാർക്ക് അധികവേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭ്യമാക്കുവാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.<br><br>സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷത്തിൽ ആകെ 88.47 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 2022-23 സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്കായി 140 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>**<u>യുവവീവ് പദ്ധതി</u>**<br><br>കൈത്തറി മേഖലയിലേക്ക് യുവതലമുറയെ ആകർഷിക്കുവാനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതിയാണിത് |

| | | | |
|---|---|---|---|
| | | | 18നും 40നും മദ്ധ്യേ പ്രായമുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 20 പേർ അടങ്ങുന്ന ബാച്ചുകളിലായി സൗജന്യമായി കൈത്തറി നെയ്ത്ത് പരിശീലനം നൽകുകയും, ആവശ്യമുള്ളവർക്ക് 5 വർഷം വരെ തൊഴിൽ സംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. 6 മാസക്കാലയളവിൽ ആദ്യ 3 മാസം സ്റ്റൈപന്റോട്ടുകൂടി പരിശീലനവും തുടർന്ന് മൂന്ന് മാസം സ്റ്റൈപന്റും വേതനവും ചേർത്ത് നൽകുന്ന വിധത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പരിശീലനം പൂർത്തിയായവർക്ക് സൗജന്യമായി തറിയും ജോലി സ്ഥിരതയും ഉറപ്പ് വരുത്തുന്നു.<br><br>2021-22 സാമ്പത്തിക വർഷത്തിൽ ടി പദ്ധതി നിർവ്വഹണത്തിനായി ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 45 ലക്ഷം രൂപ വിവിധ ജില്ലകളിലെ പദ്ധതി നടത്തിപ്പിനായി പൂർണമായും വിനിയോഗിച്ചിട്ടുണ്ട്.<br><br>**ഒരു വീട്ടിൽ ഒരു തറി പദ്ധതി**<br><br>കേരളത്തിൽ ജനിച്ചതും 18നും 55നും ഇടയിൽ പ്രായമുള്ളവരും സ്വന്തമായി തറി ഇല്ലാത്തതുമായ കൈത്തറി നെയ്ത്തുകാർക്ക് വീടിനോടു ചേർന്നുള്ള പണിപ്പുരയിലോ സംഘം വർക്ക്ഷെഡിലോ തറി സ്ഥാപിക്കുന്നതിന് ധനസഹായം നൽകുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണ് ഒരു വീട്ടിൽ ഒരു തറി പദ്ധതി. കൈത്തറി മേഖലയിൽ കൂടുതൽ സ്വയം തൊഴിൽ സംരംഭകരെ സൃഷ്ടിക്കുവാൻ ടി പദ്ധതി മുഖേന സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ